**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4524** **19-07-2022 - ൽ മറുപടിയ്ക്ക്**

**ഗാന്ധി സ്മൃതി വനം കേന്ദ്രമാക്കിയുള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ ജില്ലയിൽ വനം വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | 1) ആലപ്പുഴ ജില്ലയിൽ സാമൂഹ്യവനവൽക്കരണ പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. വനത്തിനു പുറത്ത് വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഹരിതകേരളം പദ്ധതിയുടെ കീഴിൽ വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എൻ.ജി.ഒകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യക്തികൾ, പത്രമാധ്യമങ്ങൾ, രാഷ്ട്രീയ പാർട്ടികൾ, യുവജനസംഘടനകൾ, ധർമ്മസ്ഥാപനങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ മുഖാന്തിരം നട്ടുപിടിപ്പിക്കുന്നതിനായി വിതരണം ചെയ്തിട്ടുണ്ട്.<br><br>2) വഴിയരികിൽ തണൽ വിരിക്കുന്നതിനായി വഴിയോര തണൽ എന്ന പദ്ധതിയുടെ കീഴിൽ ഈ വർഷം വെളിയനാട്,പട്ടണക്കാട്, അമ്പലപ്പുഴ ബ്ലോക്കുകളിലെ വിവിധ സ്ഥലങ്ങളിൽ തൈകൾ നട്ടുപരിപാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>3) ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗിന്റെ ഭാഗമായി 8 സ്കൂളുകളിൽ ഡിപ്പാർട്ട്മെന്റ് നേരിട്ട് ഈ വർഷം 35000 വലിയ കൂടത്തൈകൾ നട്ടുപരിപാലിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>4) 13 സ്കൂളുകളിൽ ചെറുവനങ്ങളുടെ മാതൃകയിൽ വൃക്ഷം നടുന്നതിന്റെ ഭാഗമായി 5 സെന്റ് സ്ഥലത്ത് വീതം വിദ്യാവനം നട്ടുപരിപാലിച്ചു വരുന്നു.<br><br>5)വനേതര ഭൂമിയിൽ വനവൽക്കരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വനം വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി വൃക്ഷസമൃദ്ധി എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | 6)കടൽത്തീരത്ത് ഹരിതകവചം തീർത്ത് കടലാക്രമണം തടയുന്നതിന്റെ ഭാഗമായി ചേർത്തല നിയോജകമണ്ഡലത്തിലെ അർത്തുങ്കൽ പ്രദേശത്ത് 70000 കാറ്റാടി തൈകൾ നട്ടുപരിപാലിച്ചു വരുന്നുണ്ട്. കൂടാതെ ആലപ്പുഴ നിയോജക മണ്ഡലത്തിൽപ്പെടുന്ന ചെത്തി മുതൽ മാരാരിക്കുളം വരെ 28000 തൈകളും നട്ടുപരിപാലിച്ചിട്ടുണ്ട്.<br><br>7) സ്വകാര്യ ഭൂമിയിൽ വൃക്ഷം വളർത്തുന്ന ഭൂവുടമകൾക്ക് പ്രോത്സാഹന ധനസഹായം നൽകൽ, കണ്ടൽ വളർത്തുന്നവർക്ക് പ്രോത്സാഹന ധനഹായം നൽകൽ എന്നിവ നടത്തി വരുന്നു.<br><br>8)കാവ് സംരക്ഷണത്തിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെടുന്ന 5 കാവ് ഉടമകൾക്ക് വർഷം തോറും ദീർഘകാലാടിസ്ഥാനത്തിൽ ധനസഹായം നൽകിവരുന്നു. |
| (ബി) | അമ്പലപ്പുഴ മണ്ഡലത്തിലെ പുറക്കാട് ഗ്രാമപഞ്ചായത്തിൽ വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഗാന്ധി സ്മൃതി വനം കേന്ദ്രമാക്കി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണ്; പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ? | (ബി) | അമ്പലപ്പുഴ മണ്ഡലത്തിലെ പുറക്കാട് ഗ്രാമപഞ്ചായത്തിൽ വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഗാന്ധി സ്മൃതി വനത്തിൽ ജില്ലാ നഴ്സറിയിലേയ്ക്കുള്ള അപ്രോച്ച് റോഡ് നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. റോഡിന്റെ സംരക്ഷണഭിത്തി കെട്ടി ബലപ്പെടുത്തുന്ന ജോലിക്കുള്ള അടങ്കൽ അംഗീകരിച്ചിട്ടുണ്ട്. ടി സ്ഥലത്ത് ജില്ലാ നഴ്സറി ആരംഭിക്കുന്നതിനായി അടങ്കൽ അംഗീകരിച്ചിട്ടുള്ളതും ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. ഗാന്ധി സ്മൃതിവനത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി വിശദമായ പദ്ധതി തയ്യാറാക്കുവാൻ കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ